# <u>അനുബന്ധം</u>

**<u>കാസറഗോഡ് പോലീസ് സ്റ്റേഷൻ</u>** :-

<u>2020 - 21</u> :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. ലോക്ഡൗൺ കാലത്ത് ദരിദ്ര ജനങ്ങൾക്കും, രോഗികൾക്കും, ഭക്ഷ്യവസ്തുക്കളും മരുന്നും എത്തിച്ച് നൽകി.

മയക്ക് മരുന്നിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്.

കാസറഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

<u>2021 - 22</u> :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. മയക്ക് മരുന്നിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. കാസറഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

<u>2022 - 23</u> :- വിവിധ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ ലഹരിക്ക് എതിരെയുള്ള വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ കേരളാ പോലീസിന്റെ മയക്ക് മരുന്ന് ഉപയോഗത്തിന് എതിരെയുള്ള യോദ്ധാവിന്റെ ഭാഗമായി ക്ലീൻ കാസറഗോഡ് എന്ന പരിപാടി വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനായി പ്രശസ്ത സിനിമാ താരങ്ങളെ അടക്കം പങ്കെടുപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ ട്രാഫിക് അവബോധന ക്ലാസ്സുകളും, സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളെ എങ്ങനെ നേരിടാം എന്നും സെൽഫ് ഡിഫൻസ് ക്ലാസ്സുകളും നൽകി. കാസറഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസംതോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

**ബദിയടുക്ക പോലീസ് സ്റ്റേഷൻ** :-

2020 – 21 :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. ലോക്ഡൗൺ കാലത്ത് ദരിദ്ര ജനങ്ങൾക്കും, രോഗികൾക്കും, ഭക്ഷ്യവസ്തുക്കളും മരുന്നും എത്തിച്ച് നൽകി. അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി. വയോജനങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്തി.

മയക്ക് മരുന്നിനെതിരെയുള്ള ബോധവത്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്.

ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

2021 – 22 :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. മയക്ക് മരുന്നിനെതിരെയുള്ള ബോധവത്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബബന്ധിച്ച ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ യുവജനദിനം ആഘോഷിക്കുകയും വിദ്യാർത്ഥികൾക്കായി പ്രബന്ധ രചനാ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

2022 – 23 :- വിവിധ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ ലഹരിക്ക് എതിരെയുള്ള വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിനു പുറമേ ട്രാഫിക് അവബോധന ക്ലാസ്സുകളും, സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളെ എങ്ങനെ നേരിടാം എന്നും സെൽഫ് ഡിഫൻസ് ക്ലാസ്സുകളും നൽകി. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ വ്യക്തി ബന്ധങ്ങളുടെ മൂല്യത്തെ കുറിച്ച് ജനമൈത്രി ബീറ്റ് ഓഫീസർമാർ ക്ലാസ്സുകൾ നൽകി വരുന്നു. ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

**കുമ്പള പോലീസ് സ്റ്റേഷൻ** :-

2020 - 21 :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. ലോക്ഡൗൺ കാലത്ത് ദരിദ്രജനങ്ങൾക്കും, രോഗികൾക്കും, ഭക്ഷ്യവസ്തുക്കളും മരുന്നും എത്തിച്ച് നൽകി. ദുർബ്ബല വിഭാഗങ്ങൾക്കിടയിലുള്ള വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എത്തിച്ചു നൽകുകയും രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു.

മയക്ക് മരുന്നിനെതിരെയുള്ള ബോധവത്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബബന്ധിച്ച ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്.

കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസംതോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാനപാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

2021 - 2022 :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. മയക്ക് മരുന്നിനെതിരെയുള്ള ബോധവത്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. SC/ST കോളനികളിലെ ദുർബ്ബല വിഭാഗങ്ങൾക്കിടയിലുള്ള കുട്ടികൾക്ക് പഠനോപകരണങ്ങളും മറ്റും നൽകി. കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസംതോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാനപാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

2022 - 23 :- വിവിധ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ ലഹരിക്ക് എതിരെയുള്ള വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിനു പുറമേ ട്രാഫിക് അവബോധന ക്ലാസ്സുകളും, സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. ക്ലബ്ബുകളുമായി കൂടി ചേർന്ന് ലഹരി വിരുദ്ധ കൂട്ടയോട്ടം സംഘടിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളെ എങ്ങനെ നേരിടാം എന്നും സെൽഫ് ഡിഫൻസ് ക്ലാസുകളും നൽകി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പോലീസ് സ്റ്റേഷൻ പരിധിയിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിച്ചു. കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

**<u>മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ</u>** :-

<u>2020 - 21</u> :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. ലോക്ഡൗൺ കാലത്ത് ദരിദ്രജനങ്ങൾക്കും, രോഗികൾക്കും, ഭക്ഷ്യവസ്തുക്കളും മരുന്നും എത്തിച്ച് നൽകി. അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച ബോധവത്കരണം നൽകുകയും, മയക്ക് മരുന്നിനെതിരെയുള്ള ബോധവത്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. റാഗിങ് വിരുദ്ധ സന്ദേശം കോളേജുകളിൽ ബോധവത്കരണ പരിപാടിയുടെ ഭാഗമായി നൽകി.

മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസംതോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

<u>2021 - 2022</u> :- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ആരോഗ്യം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. മയക്ക് മരുന്നിനെതിരെയുള്ള ബോധവത്കരണ പരിപാടികളും ട്രാഫിക് അവബോധന പരിപാടികളും സംഘടിപ്പിച്ചു. സ്ത്രീ സുരക്ഷയെ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി ചേർന്ന് റെഡ് റിബൺ വിതരണം ചെയ്യുകയും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.

<u>2022 - 23</u> :- വിവിധ സ്ഥാപനങ്ങളുമായി കൂടി ചേർന്ന് ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരിന്റെ ലഹരിക്ക് എതിരെയുള്ള വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിനു പുറമേ ട്രാഫിക് അവബോധന ക്ലാസ്സുകളും, സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളെ എങ്ങനെ നേരിടാം എന്നും സെൽഫ് ഡിഫൻസ് ക്ലാസ്സുകളും നൽകി. ജനമൈത്രി പോലീസ്, കാസറഗോഡ് റോട്ടറി ക്ലബ്ബ്, കാസറഗോഡ് & ട്രോമ കെയർ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ വോളണ്ടിയർ പരിശീലന പരിപാടി സംഘടിപ്പിച്ചു. അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ശാസ്ത്രീയ പരിചരണം, അവയവ ദാനം, രക്തദാനം എന്നീ ലക്ഷ്യങ്ങളോടെ മോട്ടോർ വാഹന വകുപ്പും, പോലീസും പൊതുജന പങ്കാളിത്തത്തോടെ രൂപം നൽകിയ സംരംഭമാണിത്. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട എല്ലാ വാർഡുകളിലും മാസം തോറും ജനമൈത്രി സുരക്ഷാ സമിതികൾ കൂടി ക്രമസമാധാന പാലനത്തിന് ആവശ്യമായ നടപടികളും, മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതാണ്.